# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4406

17/12/2014-ൽ മറുപടിക്ക്

## മരുന്നിന്റേയും സാമ്പിളുകളുടെ ഗുണനിലവാരം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.എം.എ. വാഹിദ് | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര ലാബുകൾ പ്രവർത്തിക്കുന്നു; എവിടെയെല്ലാം;; | എ) | ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ നിലവിൽ 2 ഔഷധ പരിശോധനാ ലാബോറട്ടറികളാണുള്ളത്. അവ തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറി, എറണാകുളത്തെ റീജീണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറി എന്നിവയാണ്. |
| ബി) സംസ്ഥാനത്ത് വിറ്റഴിക്കുന്ന എല്ലാ മരുന്നിന്റേയും സാമ്പിളുകളുടെ ഗുണ നിലവാരം പരിശോധനയ്ക്ക് വിധേയ മാക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണ്; | ബി) | ഇല്ല. കേന്ദ്ര നിയമത്തിലെ ഷെഡ്യൂൾ എം (Good Manufacturing Practices) പ്രകാരം ഓരോ ഔഷധ നിർമ്മാതാവും അവരുടെ കമ്പനികളിൽ നിർമ്മിക്കുന്ന മരുന്നുകൾ ഓരോ ബാച്ചും തീവ്രമായ ഗുണ നിലവാര പരിശോധനയ്ക്ക് ശേഷമാണ് വിൽപ്പനയ്ക്കായി വിപണിയിൽ എത്തിക്കുന്നത്. കൂടാതെ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ വിപണിയിൽ എത്തുന്ന മരുന്നുകൾ പരിശോധനയ്ക്കായി എ ടുക്കാറുണ്ട്. |
| സി) കഴിഞ്ഞ 12 മാസത്തിനിടെ ഗുണനിലവാരമില്ലാത്ത എത്ര മരുന്നുകൾ പരിശോധനയിൽ കണ്ടെത്തുവാൻ കഴിഞ്ഞു; പ്രസ്തുത മരുന്നുകൾ നിർമ്മിച്ച കമ്പനികൾക്കെതിരെ എന്തു നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ; | സി) | കഴിഞ്ഞ 12 മാസത്തിനിടെ 129 മരുന്നുകൾ, ഗുണ നിലവാരമില്ലാത്തതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത മരുന്നുകളുടെ വിൽപ്പന, ഡ്രഗ്സ് കൺട്രോൾ വകുപ്പ് യുദ്ധകാലാടിസ്ഥാനത്തിൽ തടയുകയും മരുന്ന് നിർമ്മാതാക്കൾക്കെതിരെ പ്രോസിക്യൂഷൻ/ വകുപ്പു തല നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ